# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2405**

18.06.2014 - ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ പുറക്കാട്ടേരിയിൽ ആയുർവേദ ആശുപത്രി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഭാരതീയ ചികിത്സാ വകുപ്പിന്റെ ഉടമസ്ഥതയിൽ കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരിയിൽ കുട്ടികളുടേയും മുതിർന്നവരുടേയും പരിചരണത്തിനായുള്ള ആയുർവേദ ആശുപത്രിയുടെ പണി തുടങ്ങാനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ ;<br><br>(ബി) ആശുപത്രിയുടെ പണി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ? | (എ) & (ബി) | പുറക്കാട്ടേരിയിൽ ആയുർവേദ ആശുപത്രിയുടെ സിവിൽ വർക്കുകൾ കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 45 ലക്ഷം (നാൽപ്പത്തിയഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഡി.ഡി. കൈമാറിയിട്ടുണ്ട്. ആയത് ജില്ലാ പഞ്ചായത്ത് ഹെഡ്ഡിൽ വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതാണോ എന്ന് ഗവൺമെന്റ് ഉത്തരവിൽ വ്യക്തമല്ലാത്തതിനാൽ ഇത് സംബന്ധിച്ച വ്യക്തത വരുത്തുന്നതിന് വേണ്ടി കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് മറുപടി നൽകുകയും പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം ഉണ്ടാകുകയും ചെയ്യുന്ന മുറയ്ക്ക് ആശുപത്രിയുടെ വർക്ക് ടെൻഡർ |

നടപടി സ്വീകരിച്ച് എത്രയും
പെട്ടെന്ന് ആരംഭിക്കുന്നതാണെന്ന്
ജില്ലാ മെഡിക്കൽ ഓഫീസർ
അറിയിച്ചിട്ടുണ്ട്. ആശുപത്രിയുടെ
11 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ
വർക്കുകൾക്കായി കോഴിക്കോട്
പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽ
ഡിവിഷൻ എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ എസ്റ്റിമേറ്റ്
അനുസരിച്ച് പ്രസ്തുത തുക
എക്സിക്യൂട്ടീവ് എഞ്ചിനീയർ
പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ
ഡിവിഷൻ കോഴിക്കോടിന്
കൈമാറുകയും ഇത് പ്രകാരം
ടെൻഡർ നടപടി സ്വീകരിച്ച്
06.06.2014-ൽ ടെൻഡർ ഓപ്പൺ
ചെയ്യുകയും ടെൻഡർ ലഭിച്ച
വ്യക്തിയ്ക്ക് വർക്ക് ഓർഡർ
കൊടുക്കുന്നതിനുള്ള നടപടി
സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ